Private Circulation only

# ട്രൈബൽന്യൂസ്

ജൂൺ - ജൂലൈ 2026



**TRIBAL MISSION INDIA**
PERUMBAVOOR-KERALA
www.tribalmissionindia.org

50 YEARS OF GOD'S FAITHFULNESS
GOLDEN JUBILEE
1976-2026
TRIBAL MISSION PERUMBAVOOR

Mathew Jacob
President

Dr. K. Muralidar MD.
General Secretary

Dr. R. Subramony
Joint Secretary



അഡ് സെക്രട്ടറി പങ്കെടുത്ത മാഞ്ചസ്റ്ററിലെ മീറ്റിംഗിലെ ദൃശ്യങ്ങൾ







ഇടുക്കി ജില്ലയിലെ മിഷൻ സെന്ററുകളിലേക്കുള്ള കുടവിതരണം

# എഡിറ്റോറിയൽ



റ്റി. ജയദാസ് കളരിയ്ക്കൽ 9747442935

കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിന്റെ അനുഗ്രഹിത നാമത്തിൽ സ്നേഹവന്ദനം ട്രൈബൽ മിഷൻ എന്ന സുവിശേഷ സംഘടന അതിന്റെ 50-ാം വയസിലേക്ക് പ്രവേശിക്കുവാൻ പോകുന്നു. സഭാവിഭാഗീയ വിത്യാസമെന്യേ യേശുക്രിസ്തുവിന്റെ നിസ്സീമമായ സ്നേഹം പങ്കുവെയ്ക്കുന്നതിന് ദൈവ നിയോഗത്താൽ രൂപീകൃതമായ ട്രൈബൽ മിഷൻ പ്രവർത്തനങ്ങളെ ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സർവ്വ മഹത്വവും അർപ്പിക്കുന്നു. നേതൃത്വം സഹകാരികൾ, സപ്പോർട്ടേഴ്സ്, പ്രവർത്തകർ എല്ലാവർക്കുമായി ദൈവത്തിന്സ്തോത്രം ചെയ്യുന്നു. അന്ധകാരനിബിഡമായതും ആശയറ്റവരും അശരണായവരുമായ ആദിവാസി സമൂഹത്തിന് മദ്ധ്യേ കടന്നുചെന്ന് അവന് രൂപാന്തരമുണ്ടാക്കുന്നതിന് ആത്മഭാരത്തോടും കണ്ണീരോടും കർത്താവിനോട് പ്രാർത്ഥിച്ച് 50 വർഷങ്ങൾ ത്യാഗത്തോടെ പ്രവർത്തിക്കാൻ കഴിഞ്ഞു. മഹത്വം കർത്താവിന്. മിഷനറിമാരുടെ പ്രവർത്തന മേഖലയിൽ പ്രാരംഭമായി ഈ ജനത്തെ പഠിപ്പിച്ചുകൊടുക്കുന്ന കാര്യങ്ങൾ വൃത്തി,ശുദ്ധി, പരിസരശുചീകരണം, കൃത്യനിഷ്ഠ, സമയനിഷ്ഠ, സന്നദ്ധത, ദയ സ്നേഹം, സഹതാപം, സഹകരണം എന്നിവയായിരുന്നു. പ്രാരംഭഘട്ടങ്ങളിൽ ഊന്നൽ കൊടുത്തിരുന്നത്, ജീവിതം സന്തോഷപ്രദവും ആനന്ദദായകവും വിജയപ്രദവുമാക്കുന്നതിന് പ്രാപ്തി നൽകുന്ന സ്വഭാവ രീതികൾ സ്വായത്തമാക്കുന്നതിന് സഹായിക്കണം.

ശാരീരികവും മാനസീകവുമായ വൈകാരീകമായ ക്ഷേമം കൈവരിക്കാൻ ഇത് കാരണമാകും. ആരോഗ്യപരമായ ഭക്ഷണ ശീലവും കൃത്യമായ വ്യായാമവും സമ്മർദ്ദ നിയന്ത്രണവും, സ്വയംശ്രദ്ധ, സ്ഥിരചിത്തത തുടങ്ങിയവയിലേക്ക് ഇവരെ കൈപിടിച്ച് നടത്തുന്നത് വളരെ ശ്രമകരണമാണ്. ബുദ്ധികൊണ്ട് നേടിയെടുക്കുന്ന അറിവ് ഉപയോഗിച്ചു മുന്നോട്ട് പോകുന്നുവോ ? വേണ്ടയോ? എന്ന് തീരുമാനിക്കുന്നത് ഹൃദയത്തിലെ ഇച്ഛാശക്തിയാണ്. അറിവ് സൂക്ഷിക്കാൻ ബുദ്ധിയുള്ളവർക്ക് കഴിയുമെങ്കിലും അത് പ്രയോജനപ്പെടുത്തണമെങ്കിൽ ഹൃദയവിശുദ്ധി അനിവാര്യമാണ്. ഇത്തരം മേഖല കൂടി ആവശ്യമായ ബോധ വത്കരണം നടത്തി നല്ല വ്യക്തിത്വമാക്കിയെടുത്തുകൊണ്ടാണ്. കർത്താവായ യേശുക്രിസ്തുവിനെ പരിചയപ്പെടുത്തി രക്ഷയുടെ സുവിശേഷം കൈമാറി വന്നത്. കർത്താവിന്റെ കൃപയാൽ ഇന്ന് ആയിരക്കണക്കിന് ആദിവാസികൾ ദൈവത്തെ അറിഞ്ഞ് കേരളത്തിലും രാജസ്ഥാനിലും കർണ്ണാടക, തമിഴ്നാട് എന്നിവടങ്ങളിലുമായി യേശുക്രിസ്തുവിനെ ആരാധിക്കുന്നു. ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. അതിന് നല്ല പ്രാർത്ഥനയും സഹായവും ഉണ്ടാകണം ദൈവ കൃപയിൽ ആശ്രയിക്കണം. കർത്താവ് നമ്മെ സഹായിക്കും എല്ലാവർക്കും നന്ദി

# ജനറൽ സെക്രട്ടറി യുടെ കത്ത്



**ഡോ. കെ. മുരളീധർ M.D. MNAMS**

പ്രിയ പ്രാർത്ഥനാ സഹകാരികൾക്ക്,

നമ്മുടെ കർത്താവും രക്ഷകനുമായ യേശു ക്രിസ്തുവിന്റെ മഹത്തായ നാമത്തിൽ സ്നേഹവന്ദനങ്ങൾ.

ഞങ്ങളോടു ചേർന്ന് ഗോത്ര വർഗ്ഗക്കാരുടെ ഇടയിലുള്ള ശുശ്രൂഷയെ പിന്തുണയ്ക്കുന്നതിന് വളരെ നന്ദി.

നിങ്ങൾക്കറിയാവുന്നതുപോലെ, 2027-ൽ ട്രൈബൽ മിഷന്റെ സുവർണ്ണ വാർഷികാഘോഷങ്ങൾക്കായി ഞങ്ങൾ തയ്യാറെടുക്കുകയാണ്. അനുബന്ധ ബ്രോഷറിൽ കാണിച്ചിരിക്കുന്നതു പോലെ, ദൈവകൃപയാൽ ഞങ്ങൾക്കുണ്ടായ നേട്ടങ്ങളെ അനുസ്മരിക്കുവാനായി ചില പരിപാടികൾ ഞങ്ങൾ ആസൂത്രണം ചെയ്യുകയാണ്. 'സപ്പോർട്ടേഴ്സ് മീറ്റിംഗുകൾ' എന്ന പരമ്പര ഞങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. നിങ്ങൾക്കും അതിലേക്ക് ഒരു ക്ഷണം ലഭിക്കുന്നതായിരിക്കും. ദൈവഹിതമായാൽ, നമ്മുടെ കർത്താവ് ഭൂമിയുടെ നിയന്ത്രണം ഏറ്റെടുക്കാൻമടങ്ങി വരുന്നതുവരെ – അവിടെ നാമും സഹഭരണാധികാരികളായിരിക്കും – ഈ ശുശ്രൂഷ മുന്നോട്ട് കൊണ്ടുപോകാൻ ഞങ്ങളോടൊപ്പം സഹകരിക്കുമല്ലോ.

ഈ അവസരത്തിൽ ഞങ്ങൾ ഒരു സുവനീർ പുറത്തിറക്കുകയാണ്. നിങ്ങൾക്ക് താൽപ്പര്യമുണ്ടെങ്കിൽ ഒരു പരസ്യമായി ഒരു ചെറിയ അഭിനന്ദനസന്ദേശം ഞങ്ങൾക്ക് അയയ്ക്കാം, അതിനുള്ള നിരക്കുകൾ ഇവയായിരിക്കും: മുഴുവൻ പേജ് 10,000 രൂപയും അര പേജ് 5,000 രൂപയും. അച്ചടി ചെലവുകളുടെ ചെലവ് വഹിക്കുന്നതിനാണിത്; ഈ സുവനീർ ബഹുവർണ്ണ പേജുകളിലായി ഏകദേശം 3000 കോപ്പികൾ പ്രസിദ്ധീകരിക്കാൻ ഞങ്ങൾ പദ്ധതിയിടുന്നു. ദയവായി ജൂലൈ 31-ന് മുമ്പ് ഇത് അയയ്ക്കുക. കഴിഞ്ഞ 50 വർഷത്തെ മിഷൻ ശുശ്രൂഷയുടെ സമഗ്രമായ കവറേജായിരിക്കും ഇത്, ഇന്ത്യൻ സഭാ മിഷനറി പ്രവർത്തനങ്ങളിലെ ഒരു നാഴികക്കല്ല്.

ദൈവകൃപയാൽ, മുൻ വർഷങ്ങളിലെന്നപോലെ ഈ വർഷവും ട്രൈബൽ സ്കൂൾ എസ്. എസ്. എൽ.സി. പരീക്ഷകളിൽ 100% വിജയം നേടി. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, ഞങ്ങളുടെ സ്കൂളിൽ നിന്ന് ബിരുദം നേടിയ ട്രൈബൽ വിദ്യാർത്ഥികളെ ആദരിക്കാൻ ഞങ്ങൾ പദ്ധതിയിടുന്നു. അവരിൽചിലർ ഇപ്പോൾ ബിരുദാനന്തര ബിരുദധാരികളും യുവ പ്രൊഫഷണലുകളായി നല്ല സ്ഥാനങ്ങളിലാണ്.

25 വർഷത്തിലേറെയായി മിഷനിൽ സേവനമനുഷ്ഠിക്കുന്ന മിഷനറിമാരെ ആദരിക്കാനും ഞങ്ങൾ പദ്ധതിയിടുന്നു. കൂടാതെ, സാധുക്കളായ ചില ആദിവാസി വിശ്വാസികൾക്കായി വീടുകൾ സംഭാവനചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ഞങ്ങൾക്കുണ്ട്. ഇതിനകം 2 വീടുകൾ നിർമ്മിച്ചു. 2027-ൽ 5 വീടുകൾ സംഭാവന ചെയ്യാൻ കഴിയുമെന്ന് ഞങ്ങൾ ആശിക്കുന്നു. കഴിഞ്ഞ 50 വർഷത്തെ പരിശ്രമങ്ങൾ വരും വർഷങ്ങളിലും ദൈവമഹത്വത്തിനായി കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഞങ്ങളെ പ്രോത്സാഹിപ്പിക്കാനായി പ്രാർത്ഥിച്ചാലും.

ദൈവജനമായ നാം, 'യേശുക്രിസ്തുവിലൂടെ ദൈവത്തിന് സ്വീകാര്യമായ ആത്മീയ യാഗങ്ങൾ അർപ്പിക്കുന്നതിനു യോഗ്യരായ ഒരു വിശുദ്ധ പുരോഹിത വർഗ്ഗമാണ്. (1 പത്രോസ് 2:5). ''ആത്മീയ യാഗങ്ങൾ'' അവശ്യം ഭൗതികമല്ലാത്ത യാഗങ്ങളല്ല. നാം ദൈവത്തിന് അർപ്പിക്കുന്നത് എത്ര ചെറുതായാലും, ത്യാഗപരമായ ആത്മാവോടെയാണെങ്കിൽ, ദൈവം ആവഴിപാടിൽ പ്രസാദിക്കുകയും അതിനെ ഒരു ആത്മീയവഴിപാടായി സ്വീകരിക്കുകയും ചെയ്യുന്നു. ദരിദ്രയായ വിധവയുടെ രണ്ട് കാശ് ധനികരുടെ ആഡംബരപൂർണ്ണമായ വഴിപാടിനേക്കാൾ കർത്താവിന് കൂടുതൽ സന്തോഷം നൽകി (മർക്കോസ് 12:41-44).

'എന്നാൽ നന്മ ചെയ്യാനും (സേവന യാഗം) പങ്കുവെക്കാനും (ദാനം ചെയ്യുന്ന യാഗം) മറക്കരുത്, കാരണം അത്തരം യാഗങ്ങളിൽ ദൈവം വളരെ പ്രസാദിക്കുന്നു. (എബ്രാ. 13:16).

നിങ്ങളുടെ തുടർച്ചയായ സഹകരണം പ്രതീക്ഷിച്ചു കൊണ്ട്,

കർതൃശുശ്രൂഷയിൽ

ഡോ.കെ.മുരളീദർ

ജനറൽ സെക്രട്ടറി

# ട്രൈബൽ മിഷൻ ഗോൾഡൻ ജൂബിലി

ഇന്ത്യയിലെ ആദിവാസി സമൂഹത്തിനിടയിൽ സഭാ വിത്യാസമില്ലാതെ സുവിശേഷമറിയിച്ചു വരുന്ന സ്വതന്ത്ര സുവിശേഷ സംഘടയായ ട്രൈബൽ മിഷൻ 50-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ ശുഭ വേളയിൽ കർത്താവിന് നന്ദിയോടെ സ്തോത്രം ചെയ്യുന്നു. മിഷൻ പ്രവർത്തനങ്ങൾക്കായി സഹായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ഏവരോടും നന്ദി അറിയിക്കുന്നു. ഗോൾഡൻ ജൂബിലിയുടെ ഭാഗമായി ഒരു സുവിനിയർ പ്രസിദ്ധീകരിക്കുന്നതിന് താൽപര്യപ്പെടുന്നു. ചില പേജുകൾ പരസ്യത്തിനായി മാറ്റി വയ്ക്കുന്നു. പരസ്യനിരക്ക്.

**Full Page - 10000**
**Half Page - 5000**

മൾട്ടി കളറിൽ വളരെ മനോഹരമായി പ്രിന്റ് ചെയ്യുന്നതിന് താൽപര്യപ്പെടുന്നു. പരസ്യങ്ങൾ നൽകിയും പ്രാർത്ഥിച്ചും ഈ പ്രവർത്തനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്

കെ പൗലോസ് M. A.
ഫിനാൻസ് സെക്രട്ടറി
0484 - 2593866 10 am - 5 pm



# ജീവനെ
## സ്നേഹിക്കാത്തവരുടെ സാക്ഷ്യം

**സുവി. സാജു ജോൺ മാത്യു**

ചിത്രകാരനായ സുനിൽ ഒരു പോർട്രെയിറ്റിനായി സ്കെച്ച് ചെയ്യേണ്ടതിനു ഒരു കുട്ടിയെ മുന്നിലൊരു കസേരയിരുത്തിയിരിക്കുകയാണ്. മണിക്കൂറുകൾ കഴിഞ്ഞു. കുട്ടി അസ്വസ്ഥനാണ്. ചിത്രകാരൻ തന്റെ രൂപം വരയ്ക്കുകയാണെന്നാണു പറഞ്ഞിരിക്കുന്നത്. ഇതെന്ത്? കുറെവരകൾ അങ്ങോട്ട്, ചിലത് ഇങ്ങോട്ട് ഇടയ്ക്കു കുറെ കളറും. എവിടെ തന്റെ ചിത്രം " ഇതു വെറും പാഴ്പണിയാണ്... ഇതെന്റെ ചിത്രമൊന്നുമല്ല" കുട്ടി വിളിച്ചുപറഞ്ഞു. മോനെ ശാന്തമായിരിക്ക് ! ഞാൻ ഇപ്പോഴും നിന്റെ മേൽ പണിയെടുത്തുകൊണ്ടിരിക്കുന്നതേയുള്ളു. സുനിൽ പറഞ്ഞു നാം പ്രതീക്ഷിക്കാത്ത നിലയിൽ ദൈവം നമ്മിൽ അസുന്ദരം എന്നു തോന്നിക്കുന്ന ഒരു വരയിടുമ്പോൾ - ഒരു രോഗമാകാമത്... അല്ലെങ്കിൽ പ്രിയപ്പെട്ടവരുടെ നഷ്ടം അല്ലെങ്കിൽ ഒരു അക്രമം നാം അസ്വസ്ഥരാകുന്നു. ഇതാണോ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നത് ? ഇതിൽ നിന്ന് എന്തു നന്മ ഉരുത്തിരിഞ്ഞു വരാനാണ്? എല്ലാം തകർന്നു കഴിഞ്ഞ് പിന്നെന്തു നന്മ?

നമ്മുടെ ജീവത്തിൽ വന്നനുഭവിക്കുന്ന ദുരന്തങ്ങളുടെ സാംഗത്യം പലപ്പോഴും നമുക്ക് മനസ്സിലാകുന്നില്ല. എന്നാൽ, ദൈവത്തിന്റെ പ്ലാനിൽ മനോഹരമായതെന്തോ ഏവൻ നമുക്കായി കരുതിവെച്ചിട്ടുണ്ട്... നമ്മിൽ ഒരു നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ ( അവിടെ തുടങ്ങിയത് ഒരു നല്ല പ്രവൃത്തിയാണ് എന്നോർക്കണം) അതു പൂർത്തീകരിക്കും.... അതിന്റെ പൂർത്തീകരണത്തിന് ഒരു പക്ഷേ " ക്രിസ്തുവിന്റെ നാളോളം " സമയം എടുത്തേക്കാം എന്നാലും കാത്തിരിക്കുക. താമസം എപ്പോഴും ചിത്രത്തെ കൂടുതൽ മനോഹരമാക്കാനാണ്.

ഫിലിപ്പിയർക്കുള്ള ഈ കത്ത് പൗലോസ് എഴുതുന്നത് റോമിലെ ജയിലിൽ നിന്നാണ്. വിശ്വസ്ത മിഷനറിയായ പൗലോസ് തടവിലാക്കപ്പെട്ടതു സുവിശേഷീകരണത്തിന് ഒരു തിരിച്ചടിയല്ലേ മാനുഷീകമായി പറഞ്ഞാൽ അതേ! എന്നാൽ അതു ദൈവം തന്റെ പരിജ്ഞാനത്തിൽ നിർവ്വഹിച്ച ഒരു പദ്ധതി ആയിരുന്നുവെന്ന് പൗലോസ് പറയുന്നു.

" സഹോദരന്മാരെ, ഞാൻ ജയിലിൽ അടയ്ക്കപ്പെട്ടതും സുവിശേഷീകരണത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു എന്നു നിങ്ങൾ അറിയേണം. എന്റെ ബന്ധനം ക്രിസ്തു നിമിത്തമാകുന്നുവെന്ന് ഇപ്പോൾ അകമ്പടിപ്പട്ടാളത്തിലുള്ളവർക്കൊക്കെ അറിയാം (അതു എനിക്കു സാക്ഷിക്കുവാൻ കൂടുതൽ അവസരം ഒരുക്കുന്നു) തന്നെയല്ല. എന്റെ ബന്ധനം നമ്മുടെ സഹോദരന്മാരെ തളർത്തുന്നതിനു പകരം അവർക്കു ധൈര്യം നൽകുകയാണ്

ചെയ്തത്. അവരൊക്കെ ഇപ്പോൾ ധീരരായി കർത്താവിന്റെ സാക്ഷ്യം വഹിക്കുന്നു" (ഫിലിപ്പിയർ1:12-14) പലപ്പോഴും നാം മനസ്സിലാക്കാത്ത ഒരു യാഥാർത്ഥ്യമുണ്ട്- പ്രവൃത്തി ദൈവത്തിന്റേതാണെന്ന് യാഥാർത്ഥ്യം! ദൈവം നമ്മെക്കൊണ്ട് പണിയെടുപ്പിക്കുന്നു'' എന്നാണ് നാം തിരിച്ചറിയുന്ന ചിന്ത. എന്നാം നാം ദൈവത്തിന്റെ പ്രവൃത്തിയാണ് എന്ന മഹത്തായ യാഥാർത്ഥ്യമാണ് നാം തിരിച്ചറിയേണ്ടത്. നാം ദൈവത്തിന്റെ പ്രവൃത്തി ചെയ്യുന്നു. എന്ന ചിന്തിയിൽ നാം എപ്പോഴും തിരക്കുള്ളവരായി പ്രവൃത്തിക്കാൻ വ്യാപൃതരാകുന്നു. ഓടി നടക്കുന്ന നമ്മെ പലപ്പോഴും ദൈവത്തിന് പണിയാൻ കിട്ടുന്നില്ല. എത്ര കഷ്ടം!

''നാം ദൈവത്തിന്റെ കൈപ്പണി"(എഫെസ്യർ 2:10) എന്നു പൗലോസ് പറയുന്നു. നമ്മിൽ അവൻ ഒരുനല്ല പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു നാം അവന്റെ കൈപ്പണിയാകണമെങ്കിൽ അവനു പണിയാൻ പാകത്തിൽ നാം നമ്മെത്തന്നെ അവന് ഏൽപ്പിച്ചു കൊടുക്കണം. ഇവിടെ കൈപ്പണി എന്ന് വാക്ക് (പോയിമ- ഗ്രീക്ക്) നെയ്ത്തുകാരന്റെ പണിയെ കാണിക്കുന്നതാണ്. കുറെ നൂൽക്കൂട്ടങ്ങളുമായി തറിയിൽ പണിയെടുത്തു തുടങ്ങുമ്പോൾ അയാളുടെ മനസ്സിൽ ഒരു ചിത്രം ഉണ്ട്. പണി പൂർത്തിയാകുന്നതുവരെ ഒരു പക്ഷേ കാഴ്ചക്കാരനതു കണ്ടെത്താനാവില്ല. നാമും ദൈവത്തിന്റെ കയ്യിലെ നൂലുണ്ടകളാണ്. മനോഹരമായ ഒരു ചിത്രം ആക്കും വരെ നമ്മെ അവിടുന്ന് വിട്ടുകളയുകയില്ല. അവിടുത്തെ സമയത്ത് നമ്മെ മനോഹര ചിത്രമാക്കുവരെ ക്ഷമയോടെ നാം കാത്തിരിക്കണം എന്നു മാത്രം.

അടുത്ത സമയത്ത് ഞാനൊരു ഭവന പ്രാർത്ഥനയ്ക്ക്പോയി പ്രാർത്ഥനാ നേരത്ത് അവർ നിലത്തിരുന്നു. പ്രാർത്ഥിക്കാൻ ഒരു പായ കൊണ്ടു വന്നിട്ടു. ഞാൻ അടുത്ത കാലത്തു കണ്ടതിൽ ഏറ്റം മനോഹരമായ ഒരു പായ ആയിരുന്നു അത്. " എന്റെ മകൻ നെയ്തെടുത്തതാണിത് അതിന് അവൻ ഉപയോഗിച്ചത് നാം എറിഞ്ഞു കളഞ്ഞ മിഠായിക്കടലാസിൽ നിന്ന് മനോഹരമായ ഒരു പായയുണ്ടാക്കാൻ ആ ഭവനത്തിലെ കുട്ടിയുടെ പ്രതിഭയ്ക്ക് കഴിഞ്ഞു!

ചണ്ഡഗഢ് സിറ്റിയിലെ ഏറ്റവും വലിയ ആകർഷണങ്ങളിലൊന്ന് 'നെക്ടർ' എന്നൊരു വ്യക്തി പാഴ് വസ്തുക്കൾ കൊണ്ടുണ്ടാക്കിയ ഒരു ഉദ്യാനമാണ്! അനേക ഏക്കറിലുകളിലായി പരന്നു കിടക്കുന്ന ''റോക്ക് ഗാർഡൻ" എന്നു വിളിക്കുന്ന ആ ഉദ്യാനത്തിന്റെ ഭംഗി നമ്മെ വിസ്മയിപ്പിക്കുന്നതാണ്. നാമും ലോകത്തിനു വെറു പാഴ് വസ്തുക്കളായിരുന്നേക്കാം Scrap എന്നാൽ ഈ സ്ക്രാപ്പ് പ്രപഞ്ചശിൽപ്പിയുടെ കൈയ്യിലെത്തിയാൽ അവിടത്തേക്ക് ഒരു മനോഹര ശില്പം തീർക്കാൻ പ്രയാസമുണ്ടാവില്ല!

Some thing beautiful, somethin good

All our confusion he understand

All you have to offer him is brokenness and scrap and he will do something beautiful in you

# കാടിന്റെ മക്കൾ–14

റ്റി. ജയദാസ് കളരിയ്ക്കൽ, ഫോൺ : 9747442935

കഴിഞ്ഞ കുറെ ലക്കങ്ങളിലായി കാടിന്റെ മക്കൾ എന്ന സചിത്ര ലേഖന പരമ്പര പ്രിയ വായനക്കാർക്കായി എഴുന്നതിന് ദൈവം സഹായിച്ചു. അതിന്റെ പിന്നിൽ ഒരുപാട് അധ്വാനമുണ്ടെന്ന് അറിയിക്കുന്നു. അനേക ഉന്നതികൾ സന്ദർശിച്ച് ആദിവാസികളുമായി സംസാരിച്ച് അവർ നൽകുന്ന വിവരങ്ങൾ (ശബ്ദം) റെക്കോർഡ് ചെയ്ത് വീണ്ടും അതു കേട്ട് എഴുതിയാണ് കാടിന്റെ മക്കൾ പ്രസിദ്ധീകരിച്ചുവന്നത്. എന്റെ പ്രിയപ്പെട്ട ആദിവാസി സഹോദരങ്ങൾ നന്നായി ജീവിക്കുന്നവരും നല്ല വൃത്തിയും വെടിപ്പുമുള്ളവരായി അവരെ കാണുന്നതിന് കഴിഞ്ഞിട്ടുണ്ട്. ചിലർ മാത്രമാണ് മദ്യപാനം വെറി കൂത്ത് വൃത്തിയില്ലാത്തവർ ഒക്കെയായി കണ്ടിട്ടുള്ളത്. ഞാൻ ഈ വിഷയങ്ങൾ തുറന്നെഴുതിയത് ഓരോ ഗോത്ര വിഭാഗങ്ങളും അവരുടെ ജീവിത രീതികൾ ഒക്കെ മനസില്ലാക്കി നമ്മാളാൽ ആവോളം അവരെ സഹായിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും വേണ്ടി മാത്രമാണ്. അതുകൊണ്ട് ഈ വിഷയത്തെ ആ നിലയിൽ തിരിച്ചറിഞ്ഞ് നിങ്ങളുടെ സഹായവും പ്രാർത്ഥനയും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നല്ല ശുദ്ധവായു ശ്വസിച്ചും കാട്ടുകിഴങ്ങുകൾ ഭക്ഷിച്ചും മായമില്ലാത്ത പച്ചക്കറികൾ കഴിച്ചും നന്നായി അവർ കഴിയട്ടെ അപ്പോൾ തന്നെ രോഗം വന്നാൽ ചികിത്സ സ്വീകരിക്കാതിരിക്കും. പാവപ്പെട്ട സഹോദരിമാർക്ക് പ്രസവത്തിന് വേണ്ട ആശുപത്രി സൗകര്യം ഉപയോഗിക്കാതിരിക്കുക പകരം മന്ത്രവാദം പൂജകൾ നടത്തുക എന്നിവയിൽ നിന്നും അവരെ ബോധവത്കരണം നടത്തി രക്ഷപ്പെടുത്തണം.

അവർ സംസാരിക്കുന്ന ഭാഷ എത്ര ഇമ്പമായി നോക്കിയാലും ലിപിയില്ലാത്ത ഭാഷയാണ് പകരം ലിപിയുള്ള ഭാഷ പഠിക്കുകയും കുട്ടികളെ വിദ്യാഭ്യാസത്തിന് സ്കൂളുകളിൽ അയക്കുകയും ചെയ്യണം അറിവ് നേടണം നല്ല തൊഴിൽ നേടണം. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവർ വരണം എങ്കിൽ മാത്രമേ അവർ രക്ഷപെടുകയുള്ളു. ഇവിടെയാണ് ട്രൈബൽ മിഷന്റെ പ്രവർത്തനം ആവശ്യമായി വരുന്നത്.

മെഡിക്കൽ ക്യാമ്പ്, സ്കൂൾ , ഡി അഡ്ക്ഷൻ സെന്റർ ഇത്തരം പ്രവർത്തനങ്ങളിലൂടെ മിഷൻ അവരെ സഹായിക്കുന്നു. അവരോടൊപ്പം ദൈവവചനവും പങ്കുവയ്ക്കുന്നു. അതുകൊണ്ട് ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾ നമുക്ക് ഇന്ന് കൊടുക്കാനുള്ള ഏറ്റവും വലിയ നന്മയാണ്.

സത്യം അറിയാത്തതുകൊണ്ട്, അല്ലെങ്കിൽ അവസരം ലഭിക്കാത്തതുകൊണ്ട് ആരും നശിക്കാൻ ഇടയാകരുത്.





പഠനത്തിന്റെ ഏറ്റവും ഉന്നതമായ ലക്ഷ്യം ദൈവത്തെ അറിയുക എന്നതാണ്.
www.tribalmissionindia.org

# ...... ബഥനി അട്ടപ്പാടിയിൽ നിന്നും സ്നേഹപൂർവ്വം ......

കർത്താവിൽ പ്രിയരെ,

അട്ടപ്പാടി ബഥനിയിൽ നിന്നും സ്നേഹവന്ദനം

2026- 27 പുതിയ അദ്ധ്യയന വർഷം തുടങ്ങിയിട്ട് ഒരു മാസത്തോളമായി മുതിർന്ന കുട്ടികൾ 14 പേർ പത്താം ക്ലാസ്സ് പരീക്ഷ എഴുതി നല്ല ഗ്രേഡുകൾ വാങ്ങി, തുടർ പഠനത്തിനായി കടന്നുപോയി. അവർക്കായി പ്രാർത്ഥിക്കുകയും വർഷങ്ങളായി അവരെ സ്പോൺസർ ചെയ്തവരേയും ഓർത്തു ദൈവത്തെ സ്തുതിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

ഈ കഴിഞ്ഞ വേനൽ അവധികാലം എന്തുകൊണ്ടും ബഥനി ക്യാമ്പസ്സിനു വളരെ തിരക്കുള്ള സമയങ്ങൾ ആയിരുന്നു. അവധിക്കാലത്തെ വൈറ്റ് വാഷിംഗ്, പെയിന്റിംഗ് അറ്റകുറ്റ പണികൾ പല ക്യാമ്പുകൾ തുടങ്ങിയവയ്ക്കായ് സമയവും ആളും പണവും കണ്ടെത്തേണ്ടിയിരുന്നു. ദൈവം പ്രാർത്ഥന കേട്ട് എല്ലാം അതാതിന്റെ സമയത്ത് ഒരുക്കി കുട്ടികൾ അവധിക്കു വീടുകളിൽ പോയശേഷം മാർച്ച് മാസം അവസാനം തന്നെ കുമ്പനാട് (ഐ.ബി.സി.എസ്) ബൈബിൾ സ്കൂളിൽ നിന്നും 5 പേര് അവരുടെ പരിശീലന പരിപാടിയുടെ ഭാഗമായി ഒരു മാസത്തെ ഫീൽഡ് സന്ദർശനത്തിനായി ഇവിടെ വന്നു താമസിച്ചു. വീട് സന്ദർശനങ്ങൾ, ഗ്രാമസന്ദർശനങ്ങൾ എല്ലാം അവർ നന്നായി ചെയ്തു മുൻപ് പല സ്ഥാപനങ്ങളിൽ നിന്നും അട്ടപ്പാടിയിലേക്ക് യൗവ്വനക്കാർ വന്നു കൊണ്ടിരുന്നു. കോവിഡിന് ശേഷം ഇതു ആദ്യമാണ് താൽപ്പര്യപ്പെടുന്നവർ ഉണ്ടെങ്കിൽ തീർച്ചയായും വരൂ....... വേണ്ട സൗകര്യങ്ങൾ ഒരുക്കാം .... അറിയിക്കൂ..... വരു..... ഏപ്രിൽ 6 മുതൽ ഒരു മാസത്തേക്ക് ബഥനി സ്കൂൾ ഗ്രൗണ്ടിൽ ദിവസവും കാലത്ത് 40 ഓളം കുട്ടികൾക്ക് റോളർ സ്കേറ്റിംഗ് കോച്ചിംഗ് ക്യാമ്പ് നടത്തി. ഈ അദ്ധ്യയന വർഷം മുതൽ റോളർ സ്കേറ്റിംഗ് പരിശീലം സ്കൂളിൽ ആരംഭിച്ചു കഴിഞ്ഞു. കുട്ടികൾ വളരെ ആവേശത്തോടെ ഈ പുതിയ പരിപാടിയിൽ പങ്കെടുക്കുന്നു. ദേശീയ താരങ്ങൾ ഇവിടെ നിന്ന് ഉയർന്നു വരട്ടെ.

ബ്രദർ ലിനോ കുറിയാലയുടെ നേതൃത്വത്തിൽ തൃശ്ശൂരിൽ നിന്നും (EGF/EU) കോളേജ് കുട്ടികൾ ടീം ആയി വന്നു. 2 ദിവസം (മെയ് 2,3) ഇവിടെ താമസിച്ച് പല മിഷൻ സെന്ററുകളും സന്ദർശിച്ചു. പ്രസ്തുത യൗവ്വനക്കാരുടെ ഹൃദയങ്ങളെ മിഷനറി വേലയെക്കുറിച്ചുള്ള ചിന്തകൾ തുടർന്നും ഭരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രിയപ്പെട്ടവരോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ട്രൈബൽ മിഷന്റെ വാർഷീക റിട്രീറ്റ് ഏപ്രിൽ മാസം ആദ്യ ആഴ്ചയിൽ നടത്താനിരുന്നു. പല ഒരുക്കങ്ങൾ നടത്തി എങ്കിലും അത് നീട്ടി വെച്ചു. മെയ് മാസം 4 തൊട്ട് 7 വരെ ദൈവത്തിന്റെ കൃപയാൽ അനുഗ്രഹകരമായി നടത്തി. കുട്ടികൾക്കും ടീനേജുകാർക്കും പ്രത്യേകം യോഗങ്ങൾ ക്രമീകരിച്ചിരുന്നു. ബ്രദർ ദീപക് രംഗനാഥ്, വയനാട് നേതൃത്വം നൽകുകയും , കോട്ടയത്ത് നിന്ന് ജിദ വി പാമ്പാടി ടീമിനെ ഒരുക്കുകയും ചെയ്തു. മിഷനറിമാരുടെ പല കുട്ടികൾ രക്ഷിക്കപ്പെടാനും സ്നാനപ്പെടാനുള്ള തീരുമാനം എടുക്കാനും ഈ മീറ്റിംഗ് കാരണമായി ദൈവത്തിന് മഹത്വം.

റിട്രീറ് തലേദിവസം പെയ്തിറങ്ങിയ പെരുമഴ വെയിൽ കൊണ്ട് പൊരിഞ്ഞിരുന്ന വട്ടലക്കി ക്യാമ്പസിനു കുളിരായി അടുത്ത ദിവസങ്ങളിൽ ചുറ്റുപാടും മഴ പെയ്തു. കുളിർ കാറ്റു വീശി ചുട്ടു പഴുത്ത ആസ്ബറ്റോസ് ഷീറ്റിനു അടിയിൽ ഇരുന്നു വിഷമിക്കാതെ നല്ല കാലാവസ്ഥയെ ദൈവം തന്നു. റിട്രീറ്റ് കഴിഞ്ഞിട്ട് തുടർച്ചയായി രണ്ടു ദിവസം നിർത്താതെ മഴ പെയ്തു. സകലത്തേയും നിയന്ത്രിക്കുന്ന ദൈവം തന്റെ കരം വെളിപ്പെടുത്തി. സ്തോത്രം. മെയ് 21 മുതൽ 24 വരെ തൃശ്ശൂരിലെ Soprts Coalition മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ബഥനി

സ്റ്റേഡിയത്തിൽ All Keral Gloria Football മത്സരങ്ങൾ നടത്തി ഏകദേശം 200 പേർ ക്യാമ്പിൽ താമസിച്ചു നടത്തിയ ലീഗ് മത്സരങ്ങളിൽ കളിക്കാൻ ആവേശത്തോടെ പങ്കെടുത്തു. രാത്രികളിൽ നടത്തിയ യോഗങ്ങളിൽ പ്രമുഖ കായിക താരങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചു. ഏകദേശം 50 കായിക താരങ്ങൾ യേശു കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. ദൈവത്തിനു മഹത്വം. ബ്രദർ ലേണൽ തോമസ്, ബ്രദർ പ്രിൻസ്, ബ്രദർ തോമസ്, സ്കൂൾ പിടി സാർ എസ്രാ ജി. തുടങ്ങിയവരെ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

കാറ്റും ചാറ്റൽ മഴയും ആരംഭിച്ചിട്ടുണ്ട് പുതുതായി വന്ന കുട്ടികൾക്ക് പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടണം പഠനത്തിൽ ശ്രദ്ധ ചെലുത്തണം നിങ്ങളുടെ പ്രാർത്ഥന ആവശ്യമാണ്.

ദൈവത്തിനു സകല മഹത്വവും അർപ്പിച്ചുകൊണ്ട് പ്രാർത്ഥനയോടെ

ക്രിസ്തുവിൽ
കെ.കെ. കോശി



# പ്രാർത്ഥനാ കലണ്ടർ 2026

## ജൂൺ - ജൂലൈ



1. ട്രൈബൽ മിഷൻ ഇടുക്കി ജില്ലയിലെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുക. ഇപ്പോൾ പ്രവർത്തനം നടക്കുന്ന 13 ഗ്രാമങ്ങളെ ഓർത്ത് പ്രാർത്ഥിക്കാം. പുതിയ ഗ്രാമങ്ങൾ മിഷനറിമാർ സന്ദർശിച്ചുവരുന്നു. അവിടെ ആദിവാസികൾ രക്ഷിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കാം. ജില്ലയിലെ സഭാ കൂടിവരവുകൾക്കായി പ്രാർത്ഥിക്കാം.
2. വയനാട് ഉള്ള ട്രൈബൽ മിഷൻ സഭകളെ ഓർത്ത് പ്രാർത്ഥിക്കാം മിഷനറിമാർ അവരുടെ കുടുംബങ്ങൾക്കായും പ്രാർത്ഥിക്കാം. ബൈബിൾ സ്കൂളിന്റെ പ്രവർത്തനങ്ങൾ, ഡി അഡിക്ഷൻ സെന്ററുകൾ എന്നിവയെ ഓർത്ത് പ്രാർത്ഥിക്കാം.
3. തിരുവനന്തപുരം ജില്ലയിലെ പ്രവർത്തനങ്ങൾ ഓർത്തു പ്രാർത്ഥിക്കാം അവിടെ ഉള്ള നേഴ്സറി സ്കൂളിന്റെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കാം.
4. നിലമ്പൂർ പ്രദേശങ്ങളിൽ ഉള്ള സഭാ പ്രവർത്തനങ്ങളും മിഷനറി മാരേയും ഓർത്തു പ്രാർത്ഥിക്കാം. കമ്പ്യൂട്ടർ പരിശീലനകേന്ദ്രത്തേയും അവിടെ പ്രവർത്തിക്കുന്നവരേയും ഓർത്തു പ്രാർത്ഥിക്കാം.
5. അട്ടപ്പാടിയിലെ സഭാ കൂടിവരവുകൾക്കായും വട്ടലക്കിയിൽ പ്രവർത്തിക്കുന്ന ബാലഭവനത്തിനും സ്കൂളിനുമായി പ്രാർത്ഥിക്കാം.
6. ട്രൈബൽ മിഷൻ ഗോൾഡൻ ജൂബിലി പ്രവർത്തനങ്ങൾ പുതിയതായി നിർമ്മിച്ചുവരുന്ന ആരാധനാലയങ്ങൾ, മീറ്റിംഗുകൾ എല്ലാം അനുഗ്രഹിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കാം.
7. മിഷനറി ചന്ദ്രരാജ്, ഷെയ്ക്കപ്പ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കാം.
8. മാങ്കുളം താളുംകണ്ടം സഭാ ഹാൾ പുതുക്കി പണിയുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

**നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ ഞങ്ങളെ അറിയിക്കുക.**

*ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നതാണ്*

**ഫോൺ : 9747442935**

# പദപ്രശ്നം 19

(റ്റി.യു ഉതുപ്പ്, തിരുവനന്തപുരം)

**ശ്രദ്ധിക്കുക :**
ഉത്തരങ്ങൾ രണ്ടു രീതിയിൽ അയക്കാം. സൂചനകൾ നോക്കി വലത്തോട്ടുള്ളവ വേറെയും താഴോട്ടുള്ളവ വേറെയും വ്യക്തമായി കാണിച്ച് അയക്കാം അല്ലെങ്കിൽ ഒരു പോസ്റ്റ് കാർഡിൽ കോളങ്ങൾ വരച്ച്, കോളങ്ങൾ പൂരിപ്പിച്ച് അയക്കാം. അയക്കേണ്ട വാട്ട്സ് ആപ്പ് നമ്പർ 8714484527. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2026 ആഗസ്റ്റ് 30.

| | | | | | |
|---|---|---|---|---|---|
| 1 | | 9 | 2 | | 11 |
| | 3 | 4 | | | |
| | | 5 | | | |
| | | 6 | 10 | | 12 |
| 7 | | | | 8 | |

## സൂചനകൾ (Clues)

**വലത്തോട്ട്**

1. വേദപുസ്തകത്തിൽ സഭാ പ്രസംഗിക്ക് ശേഷമുള്ള പുസ്തകം (5)
2. ഗാനം (2)
3. വിശപ്പ് (2)
4. യാക്കോബിന്റെ രണ്ടാമത്തെ പുത്രൻ (4)
5. ദൈവത്തിന് സ്തുതി എന്നതിന്റെ എബ്രായ പദം (4)
6. ദൈവദൂതൻ (3)
7. യാക്കോബിന് ബിൽഹായിൽ ജനിച്ച മൂത്ത പുത്രൻ (2)
8. ബുദ്ധിയുള്ള മനുഷ്യൻ ഇതിൽ അടിസ്ഥാനമിട്ടാണ് ഭവനം പണിയുന്നത് (2)

**താഴേക്ക്**

1. കരാർ (4)
3. യഹൂദ മത പ്രമാണി ( പൗലൂസ് ഈ കൂട്ടത്തിൽ പെട്ടയാളാണ് (4)
5. മൊർദ്ദേഖായിയെ കൊല്ലാൻകഴുമരം ഒരുക്കിയ ആൾ (3)
6. നീർത്തോടുകളിലേക്ക് ചെല്ലാൻ കാംക്ഷിക്കുന്നമൃഗം(2)
9. ക്രിസ്തു ; അഭിഷിക്തൻ (3)
10. ആദായം, പ്രയോജനം (2)
11. ഏറ്റവും മധുരമുള്ള പുഷ്പരസം(2)
12. കയ്പ്പ് (2)

**പദപ്രശ്നം 17 ലെ ഉത്തരങ്ങൾ**

**വലത്തോട്ട്-** 1. ഗബ്രിയേൽ 2. യേൽക്കാന 3. മാസം 4. സംശുദ്ധം 5. ഗസ 6. ലില്ലി 7. നാഥാൻ 8. യേശു 9. പുതിയ 10. കനാൻ

**താഴേക്ക് -** 1. ഗമാലിയേൽ 2. യേശുനാഥൻ 7. നാഥൻ 9. പുക 11. ഹൂര് 12 നസറായൻ

പദപ്രശ്നം 17 ൽ 13 പേർ പങ്കെടുത്തു, 11 പേർ എല്ലാം ശരിയാക്കി

**എല്ലാം ശരിയുത്തരം അയച്ചവർ**

1. സുശീല ഡേവിഡ്, വിതുര
2. സിജി, കടയ്ക്കനാട്
3. ദീനാ പ്രവീൺ, കരുളായി
4. സെറിൻ മേരി കുര്യൻ, കോട്ടയം
5. ചിത്രാ ബിനു, കളീയ്ക്കൽ
6. വത്സ തോമസ്, എറണാകുളം
7. ലിസി ജോബ്, കുന്നംകുളം
8. തോമസ്, വട്ടയ്ക്കാട്ട്, മണർക്കാട്
9. നിഷ ജോസ്, ചെങ്ങന്നൂർ
10. സുലു പീറ്റർ, പെരുമ്പാവൂർ
11. വത്സമ്മ റ്റി., നാലാഞ്ചിറ

പദപ്രശ്നം 14 മുതൽ 16 വരെയുള്ളതിൽ പങ്കെടുത്തവരിൽ 9 പേർ മൂന്നിലും എല്ലാം ശരിയുത്തരം അയച്ചു. അതിൽ നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ

1. ശ്രീമതി ജിൻസി എഡ്ബി, പഴഞ്ഞി, കുന്നംകുളം, 9947309844
2. ശ്രീ. തോമസ് വട്ടയ്ക്കാട്ട്, മണർക്കാട്, 9961508889

എല്ലാവർക്കും അഭിനന്ദനങ്ങൾ



# അഡ്.സെക്രട്ടറിയുടെ കത്ത്

അഡ്. സെക്രട്ടറി
**ബേബി മാത്യൂസ്**

2026 മെയ്മാസം തിരക്കേറിയതായിരുന്നു. മിഷനറിമാരുടെ വാർഷിക ഒത്തുചേരൽ (Retreat) മെയ് മാസം 5,6,7 തീയതികളിൽ അട്ടപ്പാടിയിലെ ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് നടത്തുവാൻ സർവ്വ കൃപാലുവായ ദൈവം സഹായിച്ചു. ട്രൈബൽ മിഷനറിമാരും കുടുംബാംഗങ്ങളും കമ്മിറ്റിഅംഗങ്ങളും ചേർന്ന് കൂടിയസംഗമം അനുഗ്രഹപൂർണ്ണമായിരുന്നു. ജനറൽ സെക്രട്ടറി ഡോ.കെ. മുരളീധർ സംഗമത്തിന് മുഖ്യ നേതൃത്വം കൊടുക്കുകയുണ്ടായി. മെയ് 9-ാം തീയതി പെരുമ്പാവൂരിലുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ വച്ച് മിഷന്റെ ജനറൽ ബോഡിയോഗം നടത്തുകയും 2025-26 ലെ പ്രവർത്തനറിപ്പോർട്ടും വരവ്ചെലവ് കണക്കുകളും അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് 2026-27 ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. മെയ് 10-ാം തീയതി തിരുവല്ല ബിലീവേഴ്സ് മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ ഡോക്ടേഴ്സിനും മെഡിക്കൽ വിദ്യാർത്ഥികൾക്കുമായി നടത്തിയ പ്രത്യേകസെമിനാർ വളരെ അനുഗ്രഹമായിരുന്നു. ഡോ.കെ മുരളീധർ, ഡോ.ഹഡ്സൻ എന്നിവർ സെമിനാറിന് നേതൃത്വം കൊടുത്തു. മെയ് മാസം 16-ാം തീയതി നാഗർ കോവിലിലുള്ള മിഷന്റെ പ്രാർത്ഥനാ സഹകാരികൾ ഡോ. സാം സഹായദാസിന്റെ നേതൃത്വത്തിൽ ഇടുക്കിയിലെ മാങ്കുളത്ത് ഒരു മെഡിക്കൽ ക്യാമ്പ് നടത്തുകയും തദ്ദേശവാസികളായ അനേകം ആദിവാസികളെ പരിശോധിച്ച് സൗജന്യമായി മരുന്ന് വിതരണം ചെയ്യുകയുമുണ്ടായി. മാത്രമല്ല, നേത്രപരിശോധനയ്ക്ക് വിധേയരായവർക്ക് സൗജന്യമായി കണ്ണടകളും വിതരണം ചെയ്തു.

മെയ് മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിൽ താമസിക്കുന്ന മകനോടും കുടുംബത്തോടും കൂടെ ചില ദിവസങ്ങൾ താമസിക്കാൻ ഞാൻ പോകാനിടയായി. ജനറൽ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ബഥനി ആശുപത്രിയിലെ ആരംഭകാല പ്രവർത്തകനും മിഷനെ വളരെ സഹായിക്കുകയും ചെയ്യുന്ന പാസ്റ്റർ ടോമി കുര്യനെ പരിചയപ്പെടുവാൻ ഇടയായി. തന്റെ ക്ഷണപ്രകാരം 31-ാം തീയതി ഞായറാഴ്ച അവരുടെ അഗാപ്പെക്രിസ്ത്യൻ ഫെല്ലോഷിപ്പിൽസംബന്ധിപ്പാനും മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിപ്പാനും സാധിച്ചു. മിഷന്റെ പ്രവർത്തനങ്ങളുടെ സംക്ഷിപ്തമായ ദൃശ്യാവിഷ്കരണവും സഭയിൽ പ്രദർശിപ്പിച്ചു. അവർ മിഷന്റെ പ്രവർത്തനങ്ങളെ വളരെയേറെ അഭിനന്ദിക്കുകയും സാമ്പത്തീക സഹായം നൽകുകയും മേലാലും സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്തതും നന്ദിയോടെ ഓർക്കുന്നു.

ജൂൺ 7-ാം തീയതി ഞായറാഴ്ച ബെൽഫാസ്റ്റിലെ IPC ബെഥേൽ സഭയുടെ ക്ഷണം

സ്വീകരിച്ച് അവിടെ കടന്നു പോകാനും മിഷനെകുറിച്ച് പറയുവാനും വീഡിയോ പ്രദർശിപ്പിക്കാനും ദൈവം സഹായിച്ചു. പാസ്റ്റർ ജേക്കബ് ജോണിന്റെ നേതൃത്വത്തിൽ സഭാംഗങ്ങൾ മിഷന് ധന സഹായം നൽകുകയും മേലാലും മിഷന്റെ പ്രവർത്തനങ്ങളെഓർത്ത് പ്രാർത്ഥിക്കാമെന്നും സഹകരിക്കാമെന്നും പറഞ്ഞത് നന്ദിയോടെ ഓർക്കുന്നു.

ജൂൺ 14-ാം തീയതി ഞായറാഴ്ച ലിവർപൂൾ പ്രെയർ ഫെല്ലോഷിപ്പ് ക്ഷണിച്ചതനുസരിച്ച് അവിടെകടന്നുപോകാനും ശുശ്രൂഷകനായ ജോർജ്ജ്കുട്ടി പാസ്റ്ററോട് ചേർന്ന് ദൈവത്തെ ആരാധിപ്പാനും ഇടയായി. പ്രസ്തുത സഭയിലും മിഷനെക്കുറിച്ച് സംസാരിക്കാനും വീഡിയോപ്രദർശിപ്പാനും കർത്താവ് സഹായിച്ചു. സഭമിഷനെ സാമ്പത്തികമായി സഹായിച്ചു. മേലാലും സഹായിക്കുകയും ചെയ്യും.

എന്റെമകൻ ദൈവത്തെ ആരാധിക്കുന്ന മാഞ്ചസ്റ്ററിലെ മഹനീയം സഭയിൽ ജൂൺ മാസം ഒന്നാം തീയതിമുതൽ ഇരുപത്തിയൊന്നുദിവസം നീണ്ടുനിൽക്കുന്ന ഉപവാസ പ്രാർത്ഥന ഉണ്ടായിരുന്നതു കൊണ്ട് മിക്കവാറും ദിവസങ്ങളിൽ പ്രാർത്ഥനയിൽ ആയിരിപ്പാൻ കർത്താവ് സഹായിച്ചു. ദൈവത്മാവ് മനസ്സിൽ പ്രകാശിപ്പിച്ച പ്രകാരം ജൂലൈ 1-ാം തീയതി മുതൽ തുടർമാനമായി ഡിസംബർ 31-ാം തീയതി വരെ ഓരോ ദിവസവും ട്രൈബൽ മിഷന്റെ സഭകളിൽ വെച്ച് മിഷന്റെ അനുഗ്രഹത്തിനും ജനറൽ സെക്രട്ടറി ഡോ. കെ മുരളീധറിന്റെ ആരോഗ്യത്തിനും, ശുശ്രുഷകൾക്കും ആദിവാസി മേഖലയിൽ പുതിയ വേലസ്ഥലങ്ങൾ ഉടലെടുക്കേണ്ടതിനും വേണ്ടി ഉപവാസപ്രാർത്ഥനകൾ ക്രമീകരിക്കാൻ കർത്താവ് സഹായിച്ചു. ജൂലൈ 1-ാം തീയതി വയനാട്ടിലെ തൃശ്ശിലേരിയിൽ ആരംഭിച്ച പ്രാർത്ഥന വിവിധ സെന്ററുകളിലൂടെ നടത്തപ്പെട്ട് ഡിസംബർ 31-ാ തീയതി വട്ടലക്കിയിലെ പൊതുആരാധനയിൽ സമാപിക്കേണ്ടത്തക്ക രീതിയിലാണ് ക്രമീകരണം. ഉപവാസപ്രാർത്ഥനകൾ ക്രമമായി നടന്നു വരുന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

ജൂൺ മാസം 26-ാം തീയതി ഞങ്ങൾ കുടുംബമായി മാഞ്ചസ്റ്ററിൽ നിന്ന് പുറപ്പെട്ട 27-ാം തീയതി രാവിലെ സന്തോഷത്തോടെ ഭവനത്തിൽ എത്തിച്ചേർന്നു. യാത്രയിലെല്ലാം കാത്തുപരിപാലിച്ച ദൈവത്തിനു സ്തോത്രം. ദൈവം അനുവദിക്കുന്ന പക്ഷം 2026 ഒക്ടോബർ മാസം ഡോ. കെ. മുരളീധറിന്റെ ഒരു സുവിശേഷ പര്യടനം ഇംഗ്ലണ്ടിൽ ക്രമീകരിപ്പാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാ പ്രാർത്ഥന സഹകാരികളുടേയും വിലയേറിയ പ്രാർത്ഥന ചോദിച്ചുകൊണ്ട് ഈ കത്ത് പര്യവസാനിപ്പിക്കുന്നു.

**മാസിക ഒന്നിലധികം കോപ്പികൾ ലഭിക്കുന്നവരും മേൽവിലാസത്തിൽ മാറ്റം ഉള്ളവരും ദയവായി അറിയിക്കുക**

**ഫോൺ : 9747442935**

# 'ദൈവത്തിനു കടം കൊടുക്കുന്നവർ'

കർത്താവിൽപ്രിയരെ ,

കഴിഞ്ഞ മാസങ്ങളിൽ ബഥനിബാലഭവനിൽ സ്നേഹവിരുന്ന് നൽകിയവരുടെ പേരു വിവരം താഴെ ചേർക്കുന്നു. അവരോടുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിക്കുന്നു.

| Sl No. | Date | Occasion | Love Feast Sponsored by | Food Given |
|---|---|---|---|---|
| 1 | 20.03.26 | 50th Wedding Anniversary- Sri.Balakrishnan & Smt. Leela | Sri. R Balakrishnan & Smt Leela, TVM & Dr. Thomas David | Fried Rice & Chicken Pickle, Salad |
| 2 | 26.03.26 | Birthday of Grand son - Chris Eldhose | Capt. Alias K.J. & Mrs. Molly Alias Ekm | Fried Rice& Chicken Curry, Pickle |
| 3 | 05.06.26 | Good Will | Mrs. Mary Joseph & Family Goolikadavu | Rice Meals wih Chicken Curry, Pickle |
| 4 | 15.06.26 | Birthday Mrs. Femi C Kurian | Mr. Dizus K. Zachariah & Family Kunnamkulam | Fried Rice with Chicken Curry, Pickle |
| 5 | 27.06.26 | Mother's Birthday | Engr. J John,& Saju John, Family Kozhikode | Porotta & Chicken |
| 6 | 02.07.26 | Birthday of Grand Daughter - Isamol | Capt. Alias K.J. & Mrs Molly, Ekm | Fried Rice & Chicken |

'എളിയവനോട് കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു ' (സദൃശ്യവാക്യങ്ങൾ 19:17)

കെ. കെ. കോശി

Our bank Account Name : TRIBAL MISSION

Account number : 1656101013972

Bank & Branch : Canara Bank, Anaikatty Branch

IFSC CODE : CNRB0001656

PLEASE SEND YOUR KIND DONATIONS ONLY FROM INDIAN BANKS ACCOUNTS IN INDIAN RUPEES.

DO NOT FORGET TO SEND THE TRANSFER DETAILS IMMEDIATELY by WhatsApp. 9207033809

# മിഷൻ ഫീൽഡ് പ്രാർത്ഥനാ വിഷയങ്ങളും പ്രവർത്തനങ്ങളും

## ആനഗദ്ദ

ദൈവനാമം വാഴ്ത്തപ്പെടുമാറകട്ടെ

എന്റെ ഭാര്യ കമല രാജൻ മെയ്മാസം 12-ാം തീയതി ഏകദേശം 3 മണിക്ക് (വൈകുന്നേരം) പോത്ത് ആക്രമിച്ച് ശരീരമാസകലം മുറികളുമായി തൃശ്ശൂർ മെഡിക്കൽ കോളേജ് ഐസിയുവിൽ ഏകദേശം 12 ദിവസം ചികിത്സയിൽ കഴിയുകയായിരുന്നു. ദൈവമക്കളുടേയും ദൈവദാസന്മാരുടേയും പ്രാർത്ഥനയുടെ ഫലമായി ഐസിയുവിൽ നിന്നും വാർഡിലേക്ക് മാറ്റുവാൻ ഇടയായി. ഇപ്പോൾ സൗഖ്യം പ്രാപിച്ചുവരുന്നു. ഈ പ്രാർത്ഥനാവിഷയം എഴുതുമ്പോഴും അഡ്മിറ്റായി കിടപ്പിലാണ്.

ഒരിക്കൽ കൂടി പ്രാർത്ഥനക്കു മറുപടി തരുന്ന ജീവനുള്ള ദൈവത്തെ രുചിച്ചറിയുവാൻ ഇടയായതിന് നന്ദി പറയുകയാണ്. പ്രാർത്ഥനയിൽ സഹകരിച്ച എല്ലാവർക്കും നന്ദി പറയുകയാണ്. അതുപോലെ സാമ്പത്തീകമായി സഹായിച്ച് എല്ലാവർക്കും നന്ദി പറയുന്നു. തുടർന്ന് സൗഖ്യമുള്ളവളായി എത്രയും പെട്ടെന്ന് ഭവനത്തിൽ മടങ്ങിവന്ന് ദൈവം ഏൽപ്പിച്ച ദൗത്യം ചെയ്യുവാൻ വേണ്ടിയും പ്രാർത്ഥന ചോദിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറകട്ടെ.

*പാസ്റ്റർ രാജൻ*

## വടക്കനാട്

ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ

വടക്കാനാട് പ്രവർത്തനം അനുഗ്രഹമായി നടക്കുന്നു ഉപവാസ പ്രാർത്ഥന നടക്കുന്നു. ഭവനപ്രാർത്ഥന നടക്കുന്നു. ബാബു സഹോദരൻ, ബാലനച്ചൻ എന്നിവരുടെ ഭവനത്തിൽ ഭവന സന്ദർശനം നടക്കുന്നു. വിവിധ കുട്ടായ്മ നടക്കുന്നു. പുതിയ കുട്ടികൾ സഭയിൽ വന്നു (അർച്ചന, ചെതലായം നഗർ) കാർത്തിക, ബിനീഷ് സഭയിൽ വരുന്നുണ്ട്. വളുവാട്ടി ഉന്നതി, ഇച്ചക്കുന്ന് ഉന്നതി, ഓടപ്പാണം ഉന്നതി ഞങ്ങളുടെ ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിക്കണം എല്ലാവരേയും ഓർത്ത് പ്രാർത്ഥിക്കുന്നു.

*പാസ്റ്റർ രാഘവൻ*

## വയനാട്

ദൈവത്തിന് സ്തോത്രം

കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രഹമായി നടന്നു. വയനാട്ടിലെ എല്ലാ മിഷൻ സെന്ററുകളിലെ സുവിശേഷ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പെൺകുട്ടികൾക്കായി (10 പേർക്ക്) പടമല സെന്ററിൽ മൂന്നുമാസത്തെ ക്ലാസ്സുകൾ നടന്നു. പഠനം പൂർത്തീകരിച്ച് കുട്ടികൾ ഭവനത്തിലേക്ക് പോയി അടുത്ത ബാച്ച് അടുത്ത മാസം ആരംഭിക്കണമെന്ന് ആഗ്രഹിക്കുന്നു. തലപ്പുഴ സെന്ററിൽ മിഷനറിയുടെ ഭവനത്തിന്റെ പണി നടന്നു വരുന്നു തോട്ടാമൂലയിൽ ചർച്ചിന്റെ പണി നടക്കുന്നു. പടമലയിൽ പണിയുന്ന വീടുകളുടെ പണിയും നന്നായി നടക്കുന്നു. ഈ മാസത്തെ കെ പി. സാം സാറിന്റെ ബൈബിൾ ക്ലാസ്സ് - 17-18 തീയതികളിൽ തൃശ്ശിലേരിയിൽ വെച്ചു നടന്നു വായനാട്ടിലെ പ്രവർത്തനങ്ങളെ ഓർത്ത് തുടർന്നും പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചു കൊണ്ട് നിർത്തുന്നു.

*പാസ്റ്റർ വി. സി . ജേക്കബ്*

## പോത്തുപ്പടി

ഇക്കഴിഞ്ഞ മാസവും ദൈവകൃപയിൽ ആശ്രയിച്ച് ദൈവവേല ചെയ്യുവാൻ ഇടയായി. പോത്തുപ്പടി, കട്ടേക്കാട് ഫസ്റ്റ് സൈറ്റ്, സെക്കന്റ് സൈറ്റ് മൂപ്പൻ കുന്ന്, കുറ്റിമേട് എന്നീ ഗ്രാമങ്ങൾ സന്ദർശിച്ചു. ദൈവവചനം കേട്ടിട്ടുള്ളവർ മാനസാന്തരാനുഭവത്തിൽ ജീവിക്കുന്നതിനും പോത്തുപ്പാടി സഭയിൽ കടന്നുവന്ന് ദൈവത്തെ ആരാധിക്കേണ്ടതിനായി പ്രാർത്ഥിക്കണമേ

പ്രാർത്ഥന വിഷയങ്ങൾ

1. തങ്കമ്മ എന്ന വിശ്വാസി ത്വക്ക് രോഗത്താൽ ഭാരപ്പെടുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കണമേ
2. കോങ്കര, കുറുമ്പൻ എന്നീ വിശ്വാസികൾ ശാരീരികമായി രോഗാവസ്ഥയിൽ ആയിരുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കണമേ ( ഇവരുടെ വീടിന്റെ പണി പൂർത്തീകരിക്കുന്നതിനായും)
3. പോത്തുപ്പാടി സഭാ ഹാളിന്റെ പണി പുരോഗമിക്കുന്നു തക്ക സമയത്തു പണി പൂർത്തീകരിച്ച് ആരാധന ആരംഭിക്കേണ്ടതിനായി.
4. സൺഡേ സ്കൂൾ വർഷിപ്പ്, ഫീൽഡ് വർക്ക് , ഗൃഹ സന്ദർശനം ഈ ശുശ്രൂഷകളുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കണമേ
5. രോഗികളായിരിക്കുന്ന ദൈവ ദാസന്മാരെ ഓർത്തു പ്രാർത്ഥിക്കണമേ പരമേശ്വരൻ, സുബ്രമണ്യൻ, ചന്ദ്രരാജ്, കമല, ഗോവിന്ദരാജ് നാളിതുവരെ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന എല്ലാവർക്കും നന്ദി അറിയിക്കുന്നു.

*പാസ്റ്റർ ജോബ് റ്റി. ജെ.*

## പേരിയ

പേരിയ ദൈവസഭ ദൈവകൃപയാൽ അനുഗ്രഹമായി പോകുന്നു.

**ഞായർ ആരാധന** : എല്ലാ ഞായറാഴ്ചകളിലും ആരാധന കൃത്യ സമയത്ത് നടന്നുവരുന്നു. 30 ന് അടുത്ത് ആളുകൾ ആരാധനയ്ക്ക് കടന്നു വരുന്നു അത് അവർക്ക്

അനുഗ്രഹകരമായ് തീരുന്നു. ആത്മീകമായ് മുന്നേറി വരുന്നുണ്ട്.

**സാക്ഷ്യം** : എല്ലാവരും അവരുടെ സാക്ഷ്യങ്ങൾ പ്രാർത്ഥനാ വിഷയങ്ങൾ പറയുന്നതിൽ മുന്നേറിവരുന്നു നല്ല മാറ്റങ്ങൾ കാണുന്നു.

**പ്രാർത്ഥന ജീവിതം** : പ്രാർത്ഥന ജീവിതത്തിൽ മാറ്റങ്ങൾ കാണുവാൻ സാധിക്കുന്നു. വ്യത്യാസങ്ങൾ നല്ലത്പോലെ കാണുന്നു.

**ഭവന പ്രാർത്ഥന** : എല്ലാ ബുധനാഴ്ചകളിലും ഭവന പ്രാർത്ഥന നടന്നുകൊണ്ടിരിക്കുന്നു. എല്ലാവരും അതിൽ സംബന്ധിക്കുന്നു. അനുഗ്രഹപ്പെട്ടവരായി തീരുന്നു.

**ആലയ പണി** : ആലയത്തിന്റെ പണി അതിന്റെ അവസാന ഘട്ടം നടന്നുകൊണ്ടിരിക്കുന്നു. ബിജുമോൻ സാറിന്റെ നേതൃത്വത്തിൽ നടക്കുന്ന പണിയിൽ ദൈവമക്കൾ എല്ലാവരും സഹകരിക്കുന്നുണ്ട്

**റീ ഹാബിലേഷൻ സെന്റർ** : പടമലയിൽ വെച്ച് നടന്ന റിഹാബിലേഷൻ സെന്ററിലെ 3 മാസത്തെ ട്രെയിനിങ്ങ് കഴിഞ്ഞു 4 സഹോദരിമാർ തിരികെ വന്നു അത് അവരുടെ ആന്തരികവും ഭൗമീകവുമായ ജീവിതത്തിന് വളരെ പ്രചോദനമായി തീർന്നു. എന്നു കേൾക്കുവാനും കാണുവാനും കഴിഞ്ഞു. അവരെ പ്രത്യേകാൽ ഞായറാഴ്ചകളിൽ അടുത്തുള്ള മാവേലിവീട് കോളനിയിലേക്ക് അയക്കുകയുണ്ടായി. കഴിഞ്ഞ ആഴ്ച മുതൽ അവർ അവിടെ ആരാധന നടത്തികൊണ്ടിരിക്കുന്നു.

**കോളനി സന്ദർശനം** : കോളനി സന്ദർശിക്കുകയും അവർക്ക് ആത്മീയമായ് വേണ്ട കൈത്താങ്ങൾ കൊടുക്കുകയും ചെയ്യുന്നു. തുടർന്നും ദൈവം ദൈവസഭയെ വളർത്തുവാനും ദൈവ സഭയുടെ വിശാലതയ്ക്കായും ആലയത്തിന്റെ പണി കാര്യങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിക്കുന്നു.

*മിഷനറി പ്രയീസ്സ്*

## വിളമ്പുകണ്ടം

ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ ! വിളമ്പുകണ്ടം ദൈവസഭയിലെ ആത്മീക കൂട്ടായ്മകൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. വിശ്വാസികളുടെ ആത്മീക വളർച്ചക്ക് വേണ്ടി ഉപവാസം ഓൾനൈറ്റ് സുവിശേഷ വേല എന്നിവ ചെയ്യുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ബിട്ടിക്കുന്ന്, പന്നിയോടി എന്നീ രണ്ട് ഉന്നതികളിൽ കടന്നു പോയി സുവിശേഷം അറിയിച്ചു. ബിട്ടിക്കുന്ന ഉന്നതിയിൽ ജാനു എന്ന സഹോദരി നടക്കാൻ കഴിയാതെ തളർന്നിരിക്കുന്നു. ഈ സഹോദരിയെ ഓർത്ത് പ്രാർത്ഥന ചോദിക്കുന്നു.

ഈ മാസം 21-ാം തീയതി നടക്കുന്ന ക്യാമ്പിലേക്ക് 5 പേർ കടന്നുവരാം എന്നു പറഞ്ഞിട്ടുണ്ട് ഈ സഹോദരങ്ങളെ ഓർത്ത് പ്രാർത്ഥന ചോദിക്കുന്നു. കഴിഞ്ഞ വർഷം വിളമ്പുകണ്ടത്ത് ചർച്ച് പണിയുവാനായി 10 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. ഈ വർഷമെങ്കിലും ആലയത്തിന്റെ പണി തുടങ്ങുവാനും പ്രാർത്ഥന ചോദിക്കുന്നു. ഇതുവരെയും വിളമ്പുകണ്ടം ദൈവസഭയെ ഓർത്ത് പ്രാർത്ഥിച്ച എല്ലാ സഹോദരന്മാർക്കും ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു.

*പാസ്റ്റർ ഗിരീഷ്*

## ചേകാടി

തിരുനെല്ലിയിലേയും ചേകാടിയിലേയും ആരാധന എല്ലാം ദൈവാനുഗ്രഹത്താൽ മുന്നോട്ട് പോകുന്നു. രണ്ടിടങ്ങളിലുമായി കുടുംബപ്രാർത്ഥന, ഭവനപ്രാർത്ഥന, സഹോദരിമാരുടെ മീറ്റിംഗ്, ഉപവാസപ്രാർത്ഥന നടന്നുവരുന്നു. എല്ലാ മാസവും ആദ്യത്തെ വ്യാഴം, വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ ഉപവാസപ്രാർത്ഥന നടത്തുന്നുണ്ട്. ഫീൽഡ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

പ്രാർത്ഥന വിഷയങ്ങൾ

1. രണ്ടിടങ്ങളിലുമായി 80-95 ൽ അധികം വിശ്വാസികൾ കടന്നുവരുന്നുണ്ട്. അവരുടെ നില നിൽപ്പിനായി ഓർത്ത് പ്രാർത്ഥിക്കുക.
2. വിവാഹപ്രായമായ യുവതി യുവാക്കളെ ഓർത്ത് പ്രാർത്ഥിക്കുക.
3. സ്കൂളുകളിൽ പഠിക്കാൻ പോകുന്ന കുട്ടികളെ ഓർത്ത് പ്രാർത്ഥിക്കുക.
4. രോഗികളെ ഓർത്ത് പ്രാർത്ഥിക്കുക
5. പിന്മാറ്റക്കാരെ ഓർത്ത് പ്രാർത്ഥിക്കുക

വിവാഹപ്രായമായവർ : ശ്രുതി, ബിന്ദു, സന്തോഷ്, അച്ചു
രോഗികൾ : മാര തിരുനെല്ലി, സിന്ധു കാളൻ, നെഞ്ചിയമ്മ
പിന്മാറ്റക്കാർ : ജോഗി, മണി, രാജു

*പാസ്റ്റർ മോനച്ചൻ*

## കാട്ടിക്കുളം

ദൈവനാമം മഹത്വപ്പെടുമാറാകട്ടെ
കാട്ടിക്കുളം ദൈവസഭയിലെ ആരാധന ശുശ്രൂഷയും ഉന്നതിയിലെ ഭവനപ്രാർത്ഥനയും ഉന്നതി സന്ദർശനം, സുവിശേഷ പ്രവർത്തനങ്ങൾ, ഉപവാസപ്രാർത്ഥന എല്ലാ മാസങ്ങളിലും നടത്തിവരുന്നു. അപ്പോൾ തന്നെ വിശ്വാസി കുടുംബങ്ങളുടെ നിലനിൽപ്പിനായും പുതുതായി ആളുകൾ വിശ്വാസത്തിലേക്ക് കടന്നുവരുവാനും പ്രാർത്ഥന ആവശ്യപ്പെട്ടിരിക്കുന്നു. പ്രാർത്ഥനയുടെ ഫലമായി ജ്യോതിക എന്ന ഒരു പെൺകുട്ടിക്ക് പൈശാചിക മായ പ്രയാസത്താൽ ദൈവസഭയിൽ പ്രാർത്ഥനക്കായി കൊണ്ടുവരുകയും സഭയിൽ വെച്ച് ആ കുട്ടിക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ പൈശാചികമായ പ്രയാസം ആകുട്ടിയിൽ നിന്ന് വിട്ടുപോകുവാൻ ഇടയായി പിന്നീട് അവരുടെ അമ്മയും ദൈവസഭയിൽ പ്രാർത്ഥനക്കായി കടന്നു വരുന്നു. ഒരു മാസത്തോളമായി നിരന്തരം പ്രാർത്ഥനയ്ക്ക് വരുന്നുണ്ട്. പ്രാർത്ഥിച്ചു സഹായിച്ച എല്ലാവർക്കും ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു.

പ്രാർത്ഥന വിഷയം

1. രണ്ടു കുട്ടികൾ പടമല ക്യാമ്പ് സെന്ററിൽ വെച്ച് നടക്കുന്ന ബൈബിൾ പഠനം പൂർത്തീകരിച്ച് ഭവനത്തിലേക്ക് വന്നിട്ടുണ്ട് അവരുടെ നിലനിൽപ്പിനായ് പ്രാർത്ഥിക്കണമേ
2. രക്ഷാ ക്യാമ്പിന് കടന്നുവരുവാൻ താൽപര്യപ്പെട്ടവർ വിനീഷ്, ശാന്ത, ജ്യോതിക, ശാന്തിനി, അനിത, കണ്ണൻ, ഗോപി, സിന്ധു, പ്രകാശൻ, മീന എന്നിവർ ക്യാമ്പിന്

മടികൂടാതെ പങ്കെടുക്കുവാൻ പ്രാർത്ഥിക്കണമേ

3. കഴിഞ്ഞ ഒരു മാസം സുവിശേഷ പ്രവർത്തനങ്ങൾക്കു കടന്നു പോയ ഉന്നതികളിൽ നിന്നും ആളുകൾ വിശ്വാസത്തിലേക്ക് കടന്നുവരണം എതിർപ്പുകൾ ഉണ്ട് എങ്കിലും പ്രാർത്ഥന ആവശ്യപ്പെടുകയാണ് ഉന്നതി യുടെ പേര് വെള്ളാഞ്ചേരി ഉന്നതി, കാളിക്കൊല്ലി ഉന്ന തി, ഇരുമ്പുപാലം ഉന്നതി, പുഴവയൽ ഉന്നതി , 1-ാം മൈൽ ഉന്നതി
4. സ്കൂളുകളിൽ പോകുന്ന കൊച്ചുകുട്ടികൾ ഉണ്ട് മടി കൂടാതെ സ്കൂളിൽ പോകാൻ പ്രാർത്ഥന ആവശ്യപ്പെ ടുകയാണ്.
5. ഉന്നതികളിൽ മഴക്കാലം ആയതുകൊണ്ട് പകർച്ച വ്യാധികൾ കൂടി വരികയാണ് പ്രാർത്ഥിക്കണമേ
6. വീണ്ടും ദൈവസഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹ മായ നിലയിൽ നടപ്പാനും സഭാ വിശാലതയിലേക്കു വളരുവാനും പ്രാർത്ഥന ആവശ്യപ്പെടുകയാണ്

*പാസ്റ്റർ പ്രസാദ് സി എം.*

## കമ്മന

ദൈവത്തിന് മഹത്വം

ദൈവകൃപയാൽ കമ്മന ട്രൈബൽ മിഷൻ ചർച്ചിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. നിലവിൽ 27 പേർ ആരാധനയിൽ ഉണ്ട്. വെള്ളിയാഴ്ചകളിൽ വീട്ടു പ്രാർത്ഥനകൾ ഉണ്ട് ഈ മാസത്തെ ക്യാമ്പിലേക്ക് 4 പേർ ഉണ്ട് ഒന്നാം മൈൽ, ചുണ്ടക്കുന്ന്, നെടുമ്പാലക്കുന്ന്, പുലി ക്കാട് കുന്ന്, ഉന്നതികളിൽ പ്രവർത്തിച്ചുവരുന്നു. തുടർന്നും ഇവിടുത്തെപ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമേ

*പാസ്റ്റർ രമേശൻ വി*

## തലപ്പുഴ

ദൈവത്തിന് മഹത്വം

തലപ്പുഴ സഭയിൽ ദൈവകൃപയാൽ എല്ലാ പ്രവർത്തന ങ്ങളും സുവിശേഷ വേലകളും നടന്നുവരുന്നു. പുത്തൻപുരയിലെ പുതിയ ചർച്ചിലാണ് ആരാധന നടന്നു വരുന്നത് അവിടെ നിന്നു ഗോദാവരി കോളനി, പുത്തൻ പുരയിൽ നിന്നും 15 ഓളം പേർ ആരാധനയിൽ പങ്കെടു ത്തുന്നു. അതുപോലെ തന്നെ വാളാട് പ്രദേശത്ത് പ്രവർത്തനങ്ങൾ നടക്കുന്നു. തലപ്പുഴ ചർച്ചിലെ വിശ്വാ സികളായ ബ്രദർ മനോജും ഭാര്യ നിഷയും വാളാട് ആരാ ധനയിൽ പ്രാർത്ഥന ക്രമീകരിക്കുന്നു.

ബ്രദർ മനു ഭാര്യ മൃദുല എന്നിവർ പേരിയ മോനച്ചൻകുന്ന് കോളനിയിൽ പാസ്റ്റർ പേഴ്സിസ് കുറുമ്പന്റെ കൂടെ ആരാ ധനയും സുവിശേഷ പ്രവർത്തനവും നടത്തുന്നു. ഗോദാ വരിയിൽ നിന്നും പുതിയ വിശ്വാസികൾ മോനച്ചൻ കുന്ന് കോളനിയിൽ ബുധനാഴ്ച കടന്നു പോകുകയും പ്രാർത്ഥന നടത്തി വിശ്വാസികളെ ആത്മീകമായും ബല പ്പെടുത്തി വരുന്നു.

സഭയിലെ എല്ലാവരും തന്നെ സുവിശേഷ പ്രവർത്തിന ത്തിനു പോകുവാൻ സന്തോഷത്തോടെ പോകുന്നു. അതു പോലെ തന്നെ ശനിയാഴ്ചകളിൽ വൈകുന്നേരം ബൈബിൾ പഠനവും ക്രമീകരിക്കുവാനും ആഗ്രഹിക്കു ന്നു. തലപ്പുഴ ചർച്ചിലെ പ്രാർത്ഥന വിഷയങ്ങൾ

1. വാളാട് നിന്നു വരുന്ന ലീല, ജയൻ എന്നിവരെ ഓർത്തു പ്രാർത്ഥിക്കണം. അവർക്ക് പഞ്ചായത്തു നിന്നും ഒരു ഭവനം ലഭിക്കാൻ വേണ്ടി.
2. പുത്തൻ പുരയിലെ എല്ലാ ആത്മീക പ്രവർത്തനങ്ങളെ ഓർത്ത് പുത്തൻ പുരയിൽ നമുക്ക് അനുകൂല സാഹ ചര്യം ഒരുക്കാൻ
3. പുത്തൻ പുര, ഗോദാവരി, വാളാട് കാട്ടിമൂല, പേരി യ, മാവിലാൻ ഉന്നതി, എന്നിവരടങ്ങുന്ന പ്രവർത്തന ങ്ങളെ ഓർത്ത് പ്രാർത്ഥിക്കണം.
4. അപ്പു മിന്നു ഇടിക്കര തലപ്പുഴ ഇവർക്ക് ഒരു തലമു റയെ ലഭിക്കാൻ
5. സാന്ദ്ര, ചന്ദ്രന്റെ മകൾ +2 വിന് ഒരു വിഷയത്തിന് ജയിച്ചില്ല വീണ്ടും എക്സാം എഴുതുന്നു അവളുടെ വിജയത്തിനായി
6. ചർച്ചിലെ എല്ലാ വിശ്വാസികൾക്കായ്

*പാസ്റ്റർ ബോവാസ്*

---

03.06.2026 ബുധൻ പുറപ്പാട് 35 ൽ 2-ാം വാക്യം ആറു ദിവസം വേല ചെയ്യണം 7-ാം ദിവസം നിങ്ങൾക്ക് വിശു ദ്ധമായി യഹോവയുടെ മഹാ സ്വസ്തയുള്ള ശബത്ത് ആചരിക്കണം ഈ വാക്യം ധ്യാനിച്ചു സരിതയുടെ മകൻ തമ്പിക്കുവേണ്ടി പ്രാർത്ഥിച്ചു. 9-ാം ക്ലാസ്സിൽ ഓണപരീക്ഷ എഴുതാതെ സ്കൂളിൽ പോകാൻ മടി പിന്നെ അഡ്മി ഷനും ലഭിക്കാതെ ഉള്ളതിനും വേണ്ടി പ്രാർത്ഥിച്ചു. അന്നു തന്നെ ഉച്ചക്ക് ശേഷം 10-ാം ക്ലാസ്സിൽ അഡ്മിഷൻ ലഭി ച്ചു. 04.06.2026 വ്യാഴം തമ്പിയെ സ്കൂളിൽ ചേർക്കുവാൻ കഴിഞ്ഞു എന്നതിനു സ്തുതി.

08.06.2026 തിങ്കൾ ആനക്കൽ പരിധിയിൽ ദേവി, തങ്ക, ബിന്ദു, ശാലിനി സുധകുമാർ, എന്നിവരോട് മാറ്റില്ലാത്ത് വചനം പറഞ്ഞു. 09.06.2026 ചൊവ്വ ആലക്കല്ലിൽ സരോ ജിനി (ബ്രാണ്ടി ചേച്ചി)യോട് സുവിശേഷം പറഞ്ഞു. 11.06.2026 ന് സ്വന്തം വീട്ടിൽ നിയാൻ രാത്രി ഞെട്ടി കര യുന്ന അവനുവേണ്ടി പ്രാർത്ഥിച്ചു. പേടിയും കരച്ചിലും നിന്നു തള്ളി കരഞ്ഞവരുടെ മുമ്പിൽ പ്രാർത്ഥിച്ചപ്പോൾ വിടുതൽ കിട്ടി. 12.06.2026 വെള്ള പാലാമ്പട്ടയിൽ കമലാ ക്ഷിക്കുവേണ്ടി പ്രാർത്ഥിച്ചു. ഞായർ ആരാധനയ്ക്ക് ഉള്ള പ്രാധാന്യത്തെ കുറിച്ച് പറഞ്ഞു. 15.06.2026 അഡ്മിഷൻ ലഭിച്ച തമ്പി, ദേവീ കൃഷ്ണകുമാർ എന്നിവിരുടെ വീട്ടിൽ പോയി പ്രാർത്ഥിച്ചു. സരോജിനി ചേച്ചിയുടെ വീട്ടിൽ പോയി

14.06.2026 ഞായർ ആരാധനയിൽ ഗോപാലൻ സഹോദര നും, ചന്ദ്രൻ സഹോദരന്റെ മകൾ തങ്കമണിക്കും കുഞ്ഞിനും വേണ്ടി പ്രത്യേക പ്രാർത്ഥന മൂവ്വരുമായി നട ത്തി. 16.06.2026 യാത്രാ മദ്ധ്യേ ടെസിയോട് സുവിശേഷം പറഞ്ഞു.

*പാസ്റ്റർ*

# സംഭാവന അയക്കുന്നവരുടെ ശ്രദ്ധക്ക്

ട്രൈബൽ മിഷന്റെ വേലയ്ക്കായി ധനസഹായം ചെയ്യുന്നവർ അത് മണിയോർഡർ ആയോ ഡ്രാഫ്റ്റ് ആയോ ചെക്ക് ആയോ ട്രൈബൽ മിഷന്റെ ഓഫീസിലേക്ക് അയക്കാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ബാങ്കിലേക്ക് നേരിട്ടും പണം അയക്കാവുന്നതാണ്

## A/c Name - Tribal Mission

1. **STATE BANK OF INDIA, PERUMBAVOOR TOWN BRANCH SB A/C NO: 57041605654, IFSC CODE : SBIN0070154**
2. **AXIS BANK LIMITED, PERUMBAVOOR SB A/C NO : 910010028193291, IFSC CODE : UTIB0000803**
3. **CSB BANK LTD , PERUMBAVOOR SB A/C NO : 015600705880190001, IFSC : CSBK0000156**
4. **DR. K. MURALIDAR, CSB BANK LTD, PERUMBAVOOR SB A/C NO :015600706354190001, IFSC CODE : CSBK0000156**
5. **താഴെ കൊടുത്തിരിക്കുന്ന QR CODE സ്കാൻചെയ്ത് G-PAY വഴിയും നിങ്ങളുടെ ഗിഫ്റ്റ് അയക്കാവുന്നതാണ്.**

**PLEASE NOTE : Since FCRA Permission has been withdrawn by the Govt. of India, Please do not send Foreign Currency to any of these accounts**

### സംഭാവന അയക്കുന്നവരുടെ ശ്രദ്ധക്ക്

ശരിയായ അക്കൗണ്ടിംഗ് ആവശ്യത്തിനായ പണമടയ്ക്കലിന്റെ വിശദാംശങ്ങൾ (അഡ്രസ് സഹിതം) ഇ-മെയിൽ, ടെലിഫോൺ അല്ലെങ്കിൽ കത്ത് വഴി ഞങ്ങളെ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

### ഞങ്ങളുടെ ഓഫീസ് അഡ്രസ്സ്

TRIBAL MISSION
Iringole P.O., Perumbavoor - 683548, Ernakulam Dist, Kerala, India
Mob : + 91-484 2593 866, Mob : +91 - 9048013866

ആദിവാസി മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു മിഷനറി കുടുംബത്തെ സ്പോൺസർ ചെയ്യുവാൻ നിങ്ങൾക്ക് മനസുണ്ടോ? വിശദവിവരങ്ങൾക്ക് വിളിക്കുക
ഫിനാൻസ് സെക്രട്ടറി : +91 9446869246/9048013866






## ടൂ വീലർ ആവശ്യമുണ്ട്

**മിഷനറിമാരുടെ ഉപയോഗത്തിനായി പഴയതും പുതിയതുമായ ടൂ വീലർ ആവശ്യമുണ്ട്.**

**Contact : 97 47 44 29 35**

**കഴിഞ്ഞകാലങ്ങളിൽ ഈ വിഷയത്തിൽ സാമ്പത്തികം നൽകിയും വാഹനങ്ങൾ നൽകിയും സഹായിച്ച പ്രിയപ്പെട്ടവരോടും ഞങ്ങൾ നന്ദി അറിയിക്കുന്നു.**



**മിഷനറി ശിവശങ്കറിന് പ്രവർത്തനത്തിനായി ജനറൽ സെക്രട്ടറി പ്രാർത്ഥിച്ച് വാഹനം നൽകുന്നു.**



**ഇടുക്കി മിഷൻ ഫിൽഡിലെ ഫിൽഡ് സന്ദർശന ദൃശ്യം**

# മിഷനറി കുടുംബങ്ങളെ ആവശ്യമുണ്ട്

ആദിവാസിഗ്രാമത്തോട് ചേർന്ന് താമസിച്ച്
ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണസമയം
പ്രവർത്തിക്കുവാൻ സമർപ്പിതരായിട്ടുള്ള
ദൈവവേലക്കാരെ ആവശ്യമുണ്ട്

ട്രൈബൽ മിഷൻ
ഇരിങ്ങോൾ പി ഒ.
പെരുമ്പാവൂർ - 683548
ഫോൺ : 0484- 2593866

# ബഥനി അട്ടപ്പാടി സ്കൂളിലെ ലഹരി വിരുദ്ധ സന്ദേശ റാലിയുടെ ദൃശ്യങ്ങൾ














Printed, Published & Owned by Pr. T. Jayadas, Tribal News, Mob: 9747442935, Iringole P.O., Perumbavoor, Ernakulam Dist.-683548
e-mail : tribal_news@hotmail.com Design & Printing : Paul Graphics, Kuruppampady, Mob.: 9495220175